# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം. 771 — 11.06.2014 - ൽ മറുപടിയ്ക്ക്

## പൊന്നാനി സർക്കാർ ആയുർവേദ ആശുപത്രിയുടെ പ്രവർത്തനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. പി. ശ്രീരാമകൃഷ്ണൻ | | ശ്രീ.വി.എസ്.ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | പൊന്നാനി സർക്കാർ ആയുർവേദ ആശുപത്രിയിൽ 20 കിടക്കകളും, മതിയായ കെട്ടിടങ്ങളുമുണ്ടായിട്ടും ആവശ്യത്തിന് സ്റ്റാഫ് ഇല്ലാത്തതുമൂലം പ്രവർത്തനം അവതാളത്തിലായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സ്ഥാപനത്തിന്റെ പ്രവർത്തനം അവതാളത്തിലായിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ സ്ഥാപനം 20 കിടക്കകളുള്ള ആശുപത്രിയായി അപ്ഗ്രേഡ് ചെയ്തതിനെ തുടർന്ന് ലഭിക്കേണ്ടിയിരുന്ന അധിക തസ്തികകൾ അനുവദിച്ചിട്ടില്ലാത്തതിനാൽ പ്രവർത്തനത്തിൽ പോരായ്മകൾ ഉണ്ടായിട്ടുണ്ട്. |
| (ബി) | നിലവിൽ 3 വർഷമായി ഉണ്ടായിരുന്ന എൻ.ആർ.എച്ച്.എം. തെറാപ്പിസ്റ്റുകളെക്കൂടി പിരിച്ചുവിട്ടതോടെ കിടത്തി ചികിത്സ സ്തംഭനാവസ്ഥയിലായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | എൻ.ആർ.എച്ച്.എം. തെറാപ്പിസ്റ്റുകളെ പിരിച്ചുവിട്ടിട്ടില്ല. ശമ്പളം നൽകുവാൻ ഫണ്ടിന്റെ ദൗർലഭ്യം ഉണ്ടായതിനെ തുടർന്ന് സ്വയം പിരിഞ്ഞു പോകുകയാണുണ്ടായിട്ടുള്ളത്. കിടത്തി ചികിത്സാ വിഭാഗം സ്തംഭനാവസ്ഥയിലായിട്ടില്ല. |
| (സി) | എൻ.ആർ.എച്ച്.എം. വ്യവസ്ഥയിൽ ജീവനക്കാരെ വീണ്ടും നിയമിക്കാൻ കഴിയുമോ; | (സി) & (ഡി) | ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് എൻ.ആർ.എച്ച്.എം. മുഖേന തെറാപ്പിസ്റ്റുകളെ നിയമിക്കുവാൻ നടപടി സ്വീകരിക്കുന്നതാണ്. |
| (ഡി) | ഇല്ലെങ്കിൽ എന്തു ബദൽ സംവിധാനമാണ് ചെയ്യാൻ ഉദ്ദേശിക്കുന്നത് ; | | |
| (ഇ) | പുതിയ തസ്തികകൾ അടിയന്തിരമായി സൃഷ്ടിക്കാൻ നടപടി സ്വീകരിക്കുമോ ? | (ഇ) | പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് ഡയറക്ടർ ലഭ്യമാക്കിയ ശുപാർശ സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ